ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"ആത്മാവിലെ ഉടമ്പടികൾ"

(തിരുവചന ചിന്തകൾ)

NOVEMBER
2023

CONTENTS

- **തിരുവചന ചിന്തകൾ** :
  "**ആത്മാവിലെ ഉടമ്പടികൾ**". Page - 03
- **സമർപ്പണ ഗാനം** Page - 12
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ**. Page - 13

"ആത്മാവിലെ ഉടമ്പടികൾ "

തിരുവചന ചിന്തകൾ

നാം ഓരോരുത്തരും ഈ ഭൂമിയിൽ എത്ര വർഷം(മനുഷ്യരുടെ മുൻപിൽ) ജീവിച്ചു(കാണിച്ചു) എന്നതിന് ദൈവത്തിന്റെ കണ്ണുകളിൽ പ്രസക്തിയില്ല. പ്രസക്തിയില്ല എന്നു പറയുവാൻ കാരണം മറ്റൊന്നുമല്ല, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷത്തിന്റെയും ദൈവഹിതത്തെ നാം തിരിച്ചറിയുന്ന ക്ഷണം മുതൽ നാം ദൈവീക സ്വാഭാവത്തിനും ദൈവീകകാഴ്ചപ്പാടിനും അനുരൂപപ്പെടേണ്ടുന്നവരായിത്തീരുന്നു. അതായതു, ലോകത്തിന്റെ കാഴ്ച നമ്മിൽ മങ്ങുകയും സ്വർഗ്ഗീയ കാഴ്ച ഉണ്ടാവുകയും വർദ്ധിക്കുകയും വേണം.

പലപ്പോഴും, ആത്മീകജീവിതത്തിൽ 'പരിശുദ്ധാത്മാവിലുള്ള ഉടമ്പടി'കളില്ലാത്തതാണ് പല തളർച്ചകൾക്കും മടുപ്പുകൾക്കും കാരണം. ഉടമ്പടികൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഡിസംബർ 31 ൽ നാം എടുക്കുന്ന ഉടമ്പടികളല്ല! അവയ്ക്കു ആയുസ്സും ആരോഗ്യം ഇല്ലാത്തതുകൊണ്ട് നാം അവയെ നമ്മുടെ ചിന്തക്കായി എടുക്കണമെന്നില്ല.

പിന്നെ എന്താണ് പുതിയ നിയമ ക്രിസ്തുവിശ്വസി പരിശുദ്ധാത്മാവിലുള്ള ഉടമ്പടി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

അത് ആത്മീയ ബോദ്ധ്യങ്ങളുടെ സമാഹാരത്തിൽനിന്നും ദൈവാത്മാവിനു സ്വയം ഏല്പിച്ചുകൊടുക്കുന്ന സമർപ്പണമാണ്. ദൈവാത്മാവും മനുഷ്യാത്മാവുമായുള്ള ബന്ധത്തിൽ നിന്നും ഉടലെടുക്കുന്ന ആത്മബന്ധം. ഈ ബന്ധം അഥവാ ഉടമ്പടി ഇല്ലാത്തതാണ് പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ചിട്ടും ദൈവരാജ്യത്തിൽ 'ജീവനില്ലാത്ത ജീവികളായി' പലരും മാറുന്നതിന്റെ പ്രധാന കാരണം.
എന്നാൽ ദൈവം എന്താഗ്രഹിക്കുന്നു എന്നത് പ്രവാചകൻ വ്യക്തമാക്കുന്നു

യേഹേസ്കേൽ 47:9
എന്നാൽ ഈ നദിചെന്നുചേരുന്നെടത്തൊക്കെയും ചലിക്കുന്ന സകലപ്രാണികളുംജീവിച്ചിരിക്കും; ഈവെള്ളം അവിടെവന്നതുകൊണ്ടു ഏറ്റവുംവളരെ മത്സ്യംഉണ്ടാകും; ഈനദി ചെന്നുചേരുന്നേടത്തൊക്കെയും അതു പത്ഥ്യമായ്തീർന്നിട്ടുസകലവും ജീവിക്കും.

ഒരു വ്യക്തി തനിക്കു ലഭിച്ച ആത്മീയ കൂട്ടായ്മകളാലും ആത്മനിറവിനാലും ചുവടുവയ്ക്കുമ്പോൾ, പരിശുദ്ധാത്മാവിനാൽ ഒരുവനിൽ രൂപപ്പെടുന്ന ചലനങ്ങളാണ് അഥവാ നിയോഗങ്ങളാണ് പുതിയ നിയമത്തിലെ (പരിശുദ്ധാത്മാവിലുള്ള) ഉടമ്പടികൾ. ഈ ഉടമ്പടികൾ എഴുതപ്പെട്ടവയല്ല എന്നാൽ ദൈവ വചനത്തോട് നീതിപുലർത്തുന്നവയാണ്. ഈ ഉടമ്പടികൾ ആരെയും മുറിപ്പിക്കുകയില്ല കാരണം അവ ദൈവസ്നേഹത്താൽ രൂപപ്പെടുന്നവയാണ്. തകർന്നതിനെയും മരിച്ചവയെയും ജീവിപ്പിക്കാൻ ഈ ഉടമ്പടികൾക്കു കഴിയും.

പുതിയ നിയമ ദൈവസഭയിൽ (അപ്പോസ്തോല പ്രവൃത്തികളിൽ) അനേക വ്യക്തികളുടെ (ആത്മാവിലുള്ള) എഴുന്നേൽപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തേതു പതോസിന്റെ എഴുന്നേൽപ്പാണ്.

പ്രവൃത്തികൾ 2:14
അപ്പോൾ പത്രൊസ് പതിനൊന്നുപേരോടുകൂടെനിന്നുകൊണ്ടു ഉറക്കെഅവരോടു പറഞ്ഞതു: യെഹൂദാപുരുഷന്മാരും യെരൂശലേമിൽപാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എന്റെവാക്കു ശ്രദ്ധിച്ചുകൊൾവിൻ.

പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ പത്രോസ് ശിഷ്യരുടെയും ജനത്തിന്റെയും നടുവിൽ എഴുന്നേൽക്കുന്നു. വെറുതെ എഴുന്നേൽക്കുകയല്ല, പ്രത്യുത ആത്മനിയോഗത്തോടും ദൈവശക്തിയോടുംകൂടിയാണ് ആ എഴുന്നേൽപ്പ്. തന്റെ ആത്മമനുഷ്യനിൽ ദൈവാത്മാവ് ഇടുന്ന തീയാണ് ആ എഴുന്നേൽപ്പ്. വരുവാനുള്ള കാലഘട്ടങ്ങളിലേക്കു ദൈവസഭയെ ദൈവാത്മാവ് എങ്ങനെ എഴുന്നേൽപ്പിക്കുവാൻ പോവുന്നു എന്നതിന്റെ ഒരു പ്രതീകമാണ് ആ എഴുന്നേൽപ്പ്.

നെഹെമ്യാവു 2:18
എന്റെ ദൈവത്തിന്റെ കൈഎനിക്കു അനുകൂലമായിരുന്നതും രാജാവു എന്നോടുകല്പിച്ച വാക്കുകളുംഞാൻ അറിയിച്ചപ്പോൾഅവർ: നാംഎഴുന്നേറ്റു പണിയുകഎന്നു പറഞ്ഞു. അങ്ങനെ അവർആ നല്ലപ്രവൃത്തിക്കായി അന്യോന്യംധൈര്യപ്പെടുത്തി.

നെഹെമിയാവിന്റെ കാലഘട്ടത്തിലെ ഒരു അസാധാരണ ദൈവപ്രവൃത്തിക്കായി തങ്ങളെത്തന്നെ ഏല്പിച്ചുകൊടുത്ത ജനത്തെ നോക്കുക. അവിടെ അതൊരു പ്രത്യക്ഷ പ്രവൃത്തിയായിരുന്നുവെങ്കിൽ അപ്പോസ്തോലപ്രവൃത്തിയിൽ നാം കാണുന്നത് (കണ്ടുതുടങ്ങുന്നതു), പരിശുദ്ധാത്മാവിൽ തുടങ്ങുവാനും പുതുക്കുവാനും പൂർത്തീകരിക്കുവാനും വീണ്ടും പ്രാപിക്കുവാനുംകഴിയുന്ന 'ഉടമ്പടിയുടെ സമാഹാരങ്ങളെയാണ്'.

പത്രോസ് എന്ന തന്നെയല്ല, ദൈവാത്മാവിനെ ശ്രദ്ധിക്കുവാനാണ് പത്രോസ് ജനത്തോട് ആവശ്യപ്പെടുന്നത്. ഇവിടെ എന്റെ വാക്ക് എന്നു പത്രോസ് പറയുമ്പോൾ, തന്റെ ഉള്ളിൽ ഇപ്പോൾ വസിക്കുന്ന പരിശുദ്ധാത്മാവാണ് തന്നിലൂടെ സംസാരിക്കുന്നതെന്ന പൂർണ്ണബോദ്ധ്യം പത്രോസിൽ ഉളവായിക്കഴിഞ്ഞിരുന്നു. നമുക്കും ഇന്ന് ആവശ്യമായിരിക്കുന്നതു ഇത് തന്നെയാണ്. 'എന്നെ കേൾക്കണം എന്നെ മാത്രം ജനം കാണണം' എന്ന സ്വയചിന്തയിൽ നിന്നും 'എന്നിലൂടെ ജനം ക്രിസ്തുവിനെ കാണണം, എന്റെ ശബ്ദമല്ല എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ജനം കേൾക്കണം' എന്നും നാം ആഗ്രഹിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാം മാളികമുറിയിൽ വെളിപ്പെട്ട ദൈവതേജസ്സിന്റെ / പരിശുദ്ധാത്മ നിറവിന്റെ തുടർച്ചയായിരുന്നു.

ആ എഴുന്നേൽപ്പ് ഒരു ഉടമ്പടിയാണ്. ദൈവാത്മാവിന്റെ പ്രേരണയാലുള്ള ഒരു ചലനം. അത് എഴുതപ്പെട്ടവയല്ല, നിര്ബന്ധത്താലുമല്ല. എന്നാൽ പരിശുദ്ധാത്മാവ് തന്നിൽ എഴുന്നേൽക്കുമ്പോൾ പത്രോസും ദൈവാത്മാവിനോടുകൂടെ എഴുന്നേൽക്കുന്നു. പത്രോസിന്റെ ആത്മാവും ദൈവത്തിന്റെ പരിശുദ്ധാത്മാവും കൈകോർക്കുന്നു. ഇതാണ് പരിശുദ്ധാത്മാവിലുള്ള പുതിയ നിയമ ഉടമ്പടി. ഇതു പ്രത്യക്ഷത്തിൽ സംഭവിക്കുന്ന ആത്മീയ ഉണർവിന്റെ അകത്തുനടക്കുന്ന പ്രവൃത്തിയാണ്, മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പരിശുദ്ധാത്മാവിനോടുള്ള അനുസരണയാണ് ഈ ഉടമ്പടി.

ഈ ഉടമ്പടികളുടെ സ്വഭാവം എങ്ങനെയെന്ന് നമുക്കു അല്പമായി ചിന്തിക്കാം. ഈ ഉടമ്പടിയിൽ മുൻപോട്ടു സംഭവിക്കുവാൻ പോവുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിശദശാംശങ്ങൾ ലഭ്യമായിരിക്കില്ല. കാരണം ഉടമ്പടി ഒപ്പുവയ്ക്കപ്പെടുന്നത് ആത്മാവിലാണ് (പരിശുദ്ധാത്മാവിലും ആത്മമനുഷ്യനിലും). അത് ദൈവത്തിൽ മറഞ്ഞിരിക്കുന്നതിനെ ദൈവാത്മാവുതന്നെ സമയാസമയങ്ങളിൽ വെളിപ്പെടുത്തുന്നു.

ഇത് പത്രോസിൽ മാത്രം ഒരിക്കലായിട്ടുനടന്നതാണെന്നു ചിന്തിച്ചെങ്കിൽ നമുക്കു തെറ്റ് പറ്റി. യേശുവിന്റെ തിരുവചനം വിശ്വസിച്ച സകലരിലും ഈ ഉടമ്പടി പരിശുദ്ധാത്മാവിൽ സംഭവിച്ചിരുന്നു. ഭൂമിയുടെ അറ്റത്തോളം ഒരുവനെ ആത്മാവിൽ എത്തിക്കുന്നത് ഈ ഉടമ്പടിയാണ്. GREAT COMMISSION കൊണ്ടാണ് യേശുവിന്റെ ശിഷ്യർ ലോകത്തിലെങ്ങും പോയതെന്ന് നാം പറഞ്ഞേക്കാം. എന്നാൽ ആ GREAT COMMISSION ൽ മറഞ്ഞിരിക്കുന്ന മർമ്മമാണ് പരിശുദ്ധാത്മാവിലുള്ള പുതിയ നിയമ ഉടമ്പടി.

ഒരുവന് തന്റെ ശരീരം കൊണ്ട് ലോകത്തിന്റെ അറ്റത്തോളം പോകുവാൻ ഒരുപക്ഷെ കഴിഞ്ഞേക്കാം, എന്നാൽ ആ ശരീരത്തിൽ ചൂടാടയാളമായി പരിശുദ്ധാത്മാവിന്റെ നിറവോടും ആലോചനയോടും ശക്തിയോടും ആ വ്യക്തി ഓടണമെങ്കിൽ അത് പരിശുദ്ധാത്മാവിലുള്ള പുതിയ നിയമ ഉടമ്പടിയാൽ മാത്രമായിരിക്കും സാദ്ധ്യമായിത്തീരുക. ഈ ഉടമ്പടി ഭൂമിയിൽ ബലഹീനന്റെ സ്വർഗ്ഗീയ ശക്തിയാണ്.

സാക്ഷികളുടെ ഇത്ര വലിയ സമൂഹം യേശുവിനായി ഇത്രയധികം എരിവോടും തീഷ്ണതയോടും സ്ഥിരതയോടും ഓടിയെങ്കിൽ അതിനു-പിൻപിൽ അവരുടെ ആത്മമനുഷ്യനാൽ ഒപ്പുവയ്ക്കപ്പെട്ട ഒരു ഉടമ്പടി നിശ്ചയമായും ഉണ്ടായിരിക്കും. തങ്ങളിലേക്ക് അലിഞ്ഞു ചേർക്കപ്പെട്ട ഈ ആത്മീയ ഭാഷ മറ്റുള്ളവർക്ക് ഭോഷ്ക്കായിതോന്നുവാൻ കാരണം ഈ ഉടമ്പടിയുടെ അഭാവം ചുറ്റുമുള്ള മനുഷ്യരിൽ വന്നതുകൊണ്ടാണ്. അറിയാത്ത ഭാഷ പരിശുദ്ധാത്മാവിന്റെ അറിവോടെ വിശ്വാസി സംസാരി-ക്കുമ്പോൾ ഓർക്കുക, ചില പുതിയ നിയമ ഉടമ്പടികൾക്കായി നമ്മെ ദൈവാത്മാവ് ഒരുക്കുകയാണ്.

പരിശുദ്ധാത്മാവോടുചേർന്നെടുക്കുന്ന പുതിയ നിയമ ഉടമ്പടികൾ നമ്മെ ഒന്നിലേക്കും തള്ളിവിടുകയല്ല പ്രത്യുത ദൈവഹിതത്തിലേക്കു കൈപിടിച്ചു കയറ്റുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ ഭാഷ ഗ്രഹിക്കുവാൻ പലപ്പോഴും മനുഷ്യരായ നമ്മുടെ ബുദ്ധിക്കു കഴിയായ്കയാൽ ആത്മാവിന്റെ ഒഴുക്കുകൾക്കു നമ്മെ വേണ്ടുംവണ്ണം നനയ്ക്കുവാൻ കഴിയാതെപോവുന്നു.

ഒരു ദൈവപൈതലിന്റെ ജീവിതം അനേകം സ്വർഗ്ഗീയ ഉടമ്പടികൾ അടങ്ങിയ, ദൈവശക്തിയാൽ കാക്കപ്പെടുന്ന, ഫലപ്രദമായി കായ്ക്കുന്ന, ദിനവും വളരുന്ന "സ്വർഗ്ഗീയ വൃക്ഷം" പോലെയാണ്.

ഇയ്യോബ് 14:7-9
7 **ഒരുവൃക്ഷമായിരുന്നാൽ പ്രത്യാശയുണ്ടു; അതിനെ വെട്ടിയാൽപിന്നെയും പൊട്ടികിളുർക്കും; അതുഇളങ്കൊമ്പുകൾ വിടാതിരിക്കയില്ല.**
8 **അതിന്റെ വേർനിലത്തു പഴകിയാലുംഅതിന്റെ കുറ്റിമണ്ണിൽ കെട്ടുപോയാലും**
9 **വെള്ളത്തിന്റെ ഗന്ധംകൊണ്ടുഅതു കിളുർക്കുംഒരു തൈപോലെതളിർ വിടും.**

പരിശുദ്ധാത്മാവിലുള്ള ഉടമ്പടികൾ ദൈവമനുഷ്യനെ സ്വർഗ്ഗത്തോടും ദൈവത്തോടും ദിനംതോറും അടുപ്പിക്കും. മരണവും നിത്യതയും അവനു ഭയം കൊണ്ടുവരികയില്ല. പ്രാർത്ഥന അവനു ശ്വാസവും ദൈവയിഷ്ടം ഭക്ഷണവും ആയിരിക്കും. അവന്റെ ഹൃദയത്തിൽ ശൂന്യതകൾ വരാത്ത-വണ്ണം ദൈവം ദൈവീക നിയോഗങ്ങളുടെ കാലവറകൾ അവനായി അനുനിമിഷവും തുറന്നുകൊണ്ടേയിരിക്കും. അവന്റെ കടയ്ക്കൽ വരുന്ന കോടാലികൾക്കു അയ്യോ കഷ്ടം എന്ന് പറയുവാൻ സ്വർഗ്ഗത്തിലെ ദൂതന്മാരെ ദൈവം അവനായി അയക്കും. കാക്ക അവനായി ആഹാരം കരുതുകയും കഴുതപോലും അവനായി സംസാരിക്കുകയും ചെയ്യും. തുറന്ന സ്വർഗ്ഗം അവനു മുൻപിൽ അടയുവാൻ ദൈവം അനുവദിക്കയില്ല. മനുഷ്യരുടെ കൃപ അവനു ലഭിക്കാതെയിരുന്നാലും ദൈവകൃപ അനവധി-യായി അവനിലേക്കൊഴുകും. പരിശുദ്ധാത്മാവിന് ഇങ്ങനെയുള്ളവരിൽ അനന്ത സാധ്യതകളുണ്ട്.

സങ്കീർത്തനക്കാരൻ അവനെക്കുറിച്ചു ഇങ്ങനെ പറഞ്ഞു:

സങ്കീർത്തനം 1:3
3 **അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതുംതക്കകാലത്തു ഫലംകായ്ക്കുന്നതും ഇലവാടാത്തതുമായവൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയുംസാധിക്കും.**

പരിശുദ്ധാത്മാവുമായുള്ള നമ്മുടെ ഉടമ്പടികൾ ദൈവരാജ്യത്തിന്റെ അനേക സാധ്യതകളിലേക്ക് നമ്മെ എത്തിക്കുവാൻ പര്യാപ്തമാണ്. ദൈവരാജ്യത്തിന്റെ മർമ്മം മാനുഷിക കരങ്ങളിലോ പ്രയത്നങ്ങളിലോ അല്ല മറിച്ചു, പരിശുദ്ധാത്മാവുമായുള്ള ഉടമ്പടിയിലാണ് അതു പ്രത്യക്ഷമാവുന്നതാണ് (REVEAL).

കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ അടുക്കൽനിന്നും കടന്നുപോയ അഭിഷിക്തർ കണ്ടെത്തിയത് പരിശുദ്ധാത്മാവിലുള്ള ഉടമ്പടികളുടെ മർമ്മങ്ങളായിരുന്നു. ആ മർമങ്ങളെ അവർ സ്വന്തജീവിതത്തിലേക്കു സ്വീകരിക്കുകയും അവർ പ്രകാശപൂരിതമാവുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്തു. അങ്ങനെ അവർ അസാധാരണ ദൈവപ്രവൃത്തികൾക്കു സാക്ഷ്യം വഹിക്കുകയും ആ സാക്ഷ്യം നിത്യതയോളം നീളുന്ന നിലവാരത്തിൽ സ്വർഗ്ഗത്തിൽ എഴുതുകയും ചെയ്തു. നോക്കുക, പരിശുദ്ധാത്മാവിലെ പുത്തൻ ഉടമ്പടികൾ നിസ്സാര മനുഷ്യരെ ഇന്നലെകളിൽ അഭിഷിക്തരാക്കി.

തീർന്നുപോകാത്ത ഈ നിക്ഷേപം ഇന്നും ലഭ്യമാണ്. അവ നാം ആകുന്ന മൺകൂടാരങ്ങളിൽ ദൈവം ദാനമായി നല്കിക്കഴിഞ്ഞിരിക്കുന്നു. അവയെ ഇന്ന് ഉപയോഗപ്പെടുത്തുന്നവരെയാണ് സ്വർഗ്ഗം അന്വേഷിക്കുന്നത്. അവരുടെ കൈകളിലാണ് ഉണർവിനെ ഏല്പിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നതും.

സഭാപ്രസംഗി 11:5-6
5 **കാറ്റിന്റെഗതി എങ്ങോട്ടെന്നുംഗർഭിണിയുടെ ഉദരത്തിൽഅസ്ഥികൾ ഉരുവായ്വരുന്നതു എങ്ങനെഎന്നും നീഅറിയാത്തതുപോലെ സകലവുംഉണ്ടാക്കുന്ന ദൈവത്തിന്റെപ്രവൃത്തികളെ നീഅറിയുന്നില്ല**.
6 **രാവിലേനിന്റെ വിത്തുവിതെക്ക; വൈകുന്നേരത്തുനിന്റെ കൈഇളെച്ചിരിക്കരുതു; ഇതോ, അതോ, ഏതുസഫലമാകും എന്നുംരണ്ടും ഒരുപോലെനന്നായിരിക്കുമോ എന്നുംനീ അറിയുന്നില്ലല്ലോ**.

താൻ വളരുന്ന വൃക്ഷമാണെന്ന ബോദ്ധ്യത്തോടെ അധികം വളരുകയും അനേകർക്ക് പാർപ്പിടമൊരുക്കുകയും ചെയ്യുന്ന വൃക്ഷങ്ങൾ ഇന്നു നന്നേ കുറവാണ്. ചില കാട്ടത്തികളോട് സമരസപ്പെടുവാൻ അനേകർ അവർപോലും അറിയാതെ ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഉടമ്പടികളെ അതേപടി ചെയുക. അത് സഫലമാവുന്നുണ്ടോ എന്നത് നോക്കിനിൽക്കുവാനുള്ള അധികസമയം നമ്മുടെ കൈകളിലില്ല.

"ദൈവമേ എനിക്ക് ദൈവരാജ്യത്തിൽ നിനക്കായി ഉപയോഗിക്കപ്പെടണം" എന്നൊരുവൻ വാസ്തവമായി ആഗ്രഹിക്കുമ്പോൾത്തന്നെ, സഹായകനായ പരിശുദ്ധാത്മാവ് ആ പറയപ്പെട്ട വാക്കുകളെ തന്റെ ഉടമ്പടിക്കായി ഏറ്റെടുക്കുന്നു. ദൈവത്തിനായി സമർപ്പിക്കുക എന്നതിന്റെ മർമ്മം വെളിപ്പെട്ടുവരുന്നത് ഇവിടെയാണ്. ആ വാക്കുകൾ സംസാരിച്ചവന്റെ കുറവുകളെ വലുതാക്കി 'നീ യോഗ്യനല്ല' എന്നു പറയുവാൻ പരിശുദ്ധാത്മാവ് ഒരുനാളും ആഗ്രഹിക്കുന്നില്ല. പ്രത്യുത, ആ വ്യക്തിയുടെ ആത്മതലങ്ങളെ തന്റെ ശക്തിയാൽ ശക്തിപ്പെടുത്തി, ക്രിസ്തുവിനനുരൂപനാക്കി മാറ്റുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. അതേ, അവൻ നമ്മെ വിശുദ്ധീകരിക്കുകയും ദൈവരാജ്യത്തിനായി യോഗ്യരാക്കിത്തീർക്കുകയും ചെയ്യുന്നു.

ആ വ്യക്തി പറഞ്ഞ വാക്കുകളുടെ അപൂർണ്ണതകൾ പൂർണ്ണമായും നീക്കം ചെയ്തുകൊണ്ടാണെന്നു പരിശുദ്ധാത്മാവ് താനുമായുള്ള ഉടമ്പടിയിലേക്ക് ആ ആത്മമനുഷ്യനെ കൈ പിടിച്ചു നടത്തുന്നത്. നോക്കുക, ശൂന്യതകളുടെ ലോകത്തുനിന്നും ദൈവശക്തിയുടെ ലോകത്തേക്കാണ് ആ ആത്മമനുഷ്യൻ പരിശുദ്ധാത്മാവിലുള്ള ഉടമ്പടിയാൽ യാത്ര ചെയ്യുന്നത്! ഉടമ്പടി ഒരു CARRIER (വാഹകൻ) ആണ്. അസാദ്ധ്യമെന്നു കരുതുന്ന ആത്മീയ ഉണർവിലേക്കു ആത്മമനുഷ്യനെ കയറ്റിക്കൊണ്ടുപോവുന്ന ഒരു അഗ്നിരഥമാണ് പരിശുദ്ധാത്മാവിലെ ഉടമ്പടി.

2 **രാജാക്കന്മാർ** *2*:10-11
10 **അതിന്നുഅവൻ: നീപ്രയാസമുള്ള കാര്യമാകുന്നുചോദിച്ചതു; ഞാൻനിങ്കൽനിന്നു എടുത്തുകൊള്ളപ്പെടുമ്പോൾനീ എന്നെകാണുന്നുവെങ്കിൽ നിനക്കുഅങ്ങനെ ഉണ്ടാകും; അല്ലെന്നുവരികിൽ ഉണ്ടാകയില്ലഎന്നു പറഞ്ഞു.**

11 **അവർ സംസാരിച്ചുകൊണ്ടുനടക്കുമ്പോൾ
അഗ്നിരഥവുംഅഗ്നിശ്വങ്ങളും വന്നുഅവരെ തമ്മിൽവേർപിരിച്ചു;
അങ്ങനെഏലീയാവു ചുഴലിക്കാറ്റിൽസ്വർഗ്ഗത്തിലേക്കു കയറി**.

ഇന്ന് പലരും അന്ത്യകാല സംഭവങ്ങളുടെ ചുരുളുകൾ വേർതിരിച്ചെടുക്കുന്ന തിരക്കുകളിലാണ്. യേശുവിന്റെ മനുഷ്യാവതാരം മുതൽക്കേ ഈ അന്ത്യകാലം തുടങ്ങിക്കഴിഞ്ഞു. എന്നാൽ ഈ കാലത്തിൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയാം ശരീരത്തിലൂടെ നടക്കേണ്ടുന്ന ആത്മാവിന്റെ പ്രവൃത്തികൾ, വ്യക്തികളിൽ ഉടമ്പടികളായി രൂപപ്പെടേണ്ടുന്നതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചു സംസാരിക്കുന്നവർ കുറഞ്ഞുപോവുന്നു.

എബ്രായർ 1:1-2
1**പണ്ടുഭാഗം ഭാഗമായിട്ടുംവിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു**
2 **ഈ അന്ത്യകാലത്തുപുത്രൻ മുഖാന്തരംനമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻസകലത്തിന്നും അവകാശിയാക്കിവെച്ചു;
അവൻമുഖാന്തരം ലോകത്തെയുംഉണ്ടാക്കി**.

നാം പലപ്പോഴും വയ്ക്കുന്ന ഉടമ്പടികൾ ദൈവാത്മാവിനോടല്ല മറിച്ചു, ദൈവസന്നിധിയിൽ കാര്യസാദ്ധ്യത്തിനായി മാത്രമത്രേ. എന്നാൽ ദൈവാത്മാവിനോട് നമ്മിലെ ആത്മമനുഷ്യൻ അനുനിമിഷവും ഉടമ്പടിയിലേർപ്പെടുവാൻ നാം അനുവദിച്ചാൽ യെശയ്യാവിൽ പറയുന്നതുപോലെ ഭൂതലംമുഴുവൻ അന്ധകാരമായിത്തീർന്നാലും അവയെ പ്രകാശമാക്കുവാനുള്ള പ്രകാശം നമ്മിൽ നിന്നും പുറപ്പെടും. ഈ പ്രകാശത്തെ ഇരുട്ടാക്കുവാൻ മറ്റൊരു ശക്തിക്കും കഴിയാത്തവണ്ണം നാം വെളിച്ചത്തിന്റെ മക്കളായി നിലകൊള്ളുകയും അനേകരെ നിത്യപ്രകാശത്തിലേക്കു നടത്തുവാൻ നാം ആത്മാവിൽ പ്രാപ്തരാവുകയും ചെയ്യും.

യെശയ്യാവ് 60:2-3
2 **അന്ധകാരം ഭൂമിയെയുംകൂരിരുട്ടു ജാതികളെയുംമൂടുന്നു;
നിന്റെമേലോയഹോവ ഉദിക്കും; അവന്റെ തേജസ്സുംനിന്റെമേൽ പ്രത്യക്ഷമാകും**.
3 **ജാതികൾ നിന്റെപ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കുംവരും**.

നോക്കുക, നാം ദൈവമക്കൾ ആകകൊണ്ടു നമ്മിലേക്ക് കടന്നുവരുന്ന ദൈവതേജസ്സു അളക്കുവാൻ കഴിയാത്തവണ്ണം ഉന്നതമാണ്!

പത്രോസ് ആത്മാവിൽ എഴുന്നേറ്റ നേരം മുതൽ തന്റെ അന്ത്യനിമിഷംവരെ പരിശുദ്ധാത്മാവിൽ താൻ ഉടമ്പടികൾ സ്ഥാപിച്ചും അവ നിറവേറ്റിയും പുതിയതു പ്രാപിച്ചും അവയിൽ നിലനിന്നും വളർന്നും വിളിയുടെ ലാക്കിലേക്കായി ഓടികൊണ്ടുമിരുന്നു. പത്രോസിനുശേഷം ആരൊക്കെ ദൈവത്തിനായി ഓടിയോ, അവർക്കൊക്കെയും ദൈവാത്മാവിലുള്ള ഉടമ്പടി ഒരു ഭാരമായി തോന്നിയില്ല. അവർ ആ ഉടമ്പടികളിൽ ദൈവാത്മാവിനെ അധികം അനുഭവിച്ചും അനുസരിച്ചുംപോന്നു. ഇന്നും ഉടമ്പടികൾ നമ്മുടെ മുൻപിൽ സുലഭമായുണ്ട്. 'അടിയാനിതാ' എന്ന് ഏല്പിച്ചുകൊടുത്ത ശമുവേൽ തന്നിലേക്കുനോക്കാതെ ദൈവാത്മാവിലേക്കു നോക്കിയും സംഭാഷിച്ചും ദൈവത്തിനായി ഉപയോഗിക്കപ്പെട്ടു.

റോമർ 8:14
14 **ദൈവാത്മാവു നടത്തുന്നവർഏവരും ദൈവത്തിന്റെമക്കൾ ആകുന്നു.**

ദൈവത്തെ സ്നേഹിക്കുന്ന ദൈവ പൈതലേ, ഇന്ന് നമ്മോടു ദൈവത്തിന്റെ ആത്മാവ് ഇതേക്കുറിച്ചു സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. ഉടമ്പടിക്കായി നമ്മുടെ ആത്മാവിനെ ദൈവാത്മാവിനായി വിട്ടുകൊടുക്കാം. അദൃശ്യവും രഹസ്യവുമായ നമ്മുടെ ഇന്നത്തെ ഉടമ്പടികൾ നാളെകളിൽ ആത്മീയ ഉണർവുകളായി ലോകത്തിൽ പലയിടത്തും കത്തിപ്പടരും. അതിനായി ദൈവാത്മാവിനോട് പ്രാർത്ഥിക്കാം-

"ദൈവത്തിന്റെ പരിശുദ്ധാത്മാവേ എന്റെ കൈകളിൽ നിനക്കായ് ഒന്നുമില്ല എന്ന് ഞാൻ ഇപ്പോൾ അറിയുന്നു. എന്നാൽ എന്നെ ഇന്നും സഹായിക്കുന്ന ദൈവാത്മാവേ, നിന്റെ അത്ഭുതകരം എനിക്കായി നീട്ടേണമേ. നിന്റെ ഉടമ്പടികൾക്കായി എന്റെ ആത്മമനുഷ്യനെ പൂർണമായും ഏല്പിച്ചുതരുന്നു. എന്റെ പേര് ലോകത്തിലല്ല, സ്വർഗ്ഗത്തിൽ മഹത്വത്തോടെ മുഴങ്ങുവാൻ അങ്ങ് സഹായിക്കേണമേ. എന്നെ അങ്ങേ കൈകളിലേക്ക് ഏല്പിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നേ."
ആമേൻ.

-ജിബി തോമസ്

സമർപ്പണ ഗാനം
(സർവ്വപാപ കറകൾ തീർത്തു എന്ന രീതി)

ഏകനല്ല ഏതുമില്ല
എന്നാലും ഞാൻ നിൻമകൻ (2)
കൈവിടില്ല നീക്കുകില്ല
നിന്റെ കരം ശക്തമേ! (2)

ചെയ്ത പാപം കണ്ട ദോഷം
വന്ന ഭോഷ്കും നീക്കണേ (2)
നിന്റെ രക്തത്താലെയെന്നെ
ശുദ്ധിചെയ്തു നിർത്തണേ (2)

യോഗ്യനല്ല നീതിയില്ല
നല്ലതൊന്നും ഇല്ലയേ (2)
എങ്കിലുമീ ഏഴയിന്ന്
നിന്റെ മാർവിൽ ചാരുന്നേ (2)

- ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.

WE SHOULD ASK OURSELVES THREE QUESTIONS BEFORE WE SPEAK: IS IT TRUE? IS IT KIND? DOES IT GLORIFY CHRIST?

- **BILLY GRAHAM**

THE SECRET OF SPIRITUAL SUCCESS IS A HUNGER THAT PERSISTS...IT IS AN AWFUL CONDITION TO BE SATISFIED WITH ONE'S SPIRITUAL ATTAINMENTS... GOD WAS AND IS LOOKING FOR HUNGRY, THIRSTY PEOPLE.

- **SMITH WIGGLESWORTH**



NO MAN, WITHOUT TRIALS AND TEMPTATIONS, CAN ATTAIN A TRUE UNDERSTANDING OF THE HOLY SCRIPTURES.

- **JOHN BUNYAN**

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com